# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1485** **11.06.2019-ൽ മറുപടിയ്ക്ക്**

**<u>ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഫിഷറീസ് വകുപ്പ് ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | എ) സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടി ഫിഷർവുമൺ (സാഫ്) മുഖേന നടപ്പു സാമ്പത്തിക വർഷം ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ മത്സ്യ അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി Joint Liability Groups (JLG) രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ഈടില്ലാത്ത വായ്പകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ 150 യൂണിറ്റുകൾ കൊല്ലം ജില്ലയിലാണ്. ഇതിൽ ഇരവിപുരം മണ്ഡലത്തിൽ നിന്നുള്ള JLG കളും ഉൾപ്പെടുന്നു. |
| ബി) മുൻ സാമ്പത്തികവർഷങ്ങളിൽ ഫിഷറീസ് വകുപ്പ് ഈ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയതും പൂർത്തിയാക്കിയതും ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വിവിധ വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അറിയിക്കുമോ; | ബി) ഫിഷറീസ് വകുപ്പ് ഈ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയതും പൂർത്തിയാക്കിയതും ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വിവിധ വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| സി) ഫിഷറീസ് വകുപ്പിനുകീഴിലുള്ള ഹാർബർ എൻജിനീയറിംഗ് വകുപ്പും തീരദേശ വികസന കോർപ്പറേഷനും ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | സി) ഫിഷറീസ് വകുപ്പിനുകീഴിലുള്ള ഹാർബർ എൻജിനീയറിംഗ് വകുപ്പും തീരദേശ വികസന കോർപ്പറേഷനും ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

വിവിധ വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | 2016-17 | | റിമാർക്സ് | 2017-18 | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | യൂണിറ്റ് | തുക (ലക്ഷം) | | യൂണിറ്റ് | തുക (ലക്ഷം) | |
| 1 | ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം | 7 | 42 | പദ്ധതി പൂർത്തിയായി | | | |
| 2 | ഭവന നിരമ്മാണത്തിനുള്ള ധനസഹായം | 14 | 28 | പദ്ധതി പൂർത്തിയായി | 13 | 52 | പദ്ധതി പൂർത്തിയായി |
| 3 | കടൽ തീരത്ത് നിന്നും 50 മീറ്റർ മാറി ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനുള്ള ധനസഹായം | | | | 52 | 520 | 21 പേർ പദ്ധതി പൂർത്തിയാക്കി യിട്ടുണ്ട്. മറ്റുള്ളവർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളി ലാണ്. |
| 4 | മത്സ്യത്തൊഴിലാളി ടോയ്ലറ്റ് ധനസഹായ പദ്ധതി | 4 | 0.7 | പദ്ധതി പൂർത്തിയായി | | | |
| 5 | മത്സ്യത്തൊഴിലാളി വൈദ്യുതീകരണം | 9 | 1.8 | പദ്ധതി പൂർത്തിയായി | 7 | 1.4 | പദ്ധതി പൂർത്തിയായി |
| | ആകെ | 34 | 72.5 | | 72 | 573.4 | |

2018-19 സാമ്പത്തിക വർഷത്തിൽ ഇരവിപുരം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് പുതിയ പദ്ധതികളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2017-18 ലെ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കടൽ തീരത്തു നിന്നും മാറി CRZ അനുവദനീയമായ സ്ഥലങ്ങളിൽ ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്ന പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു.

മുൻ സാമ്പത്തിക വർഷങ്ങളിൽ ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ തീരമൈത്രി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനായി ഡി.എം.ഇ പദ്ധതി, അഷ്ടമുടി പദ്ധതി തുടങ്ങിയ പദ്ധതികൾ സാഫ് നടപ്പിലാക്കിയിട്ടുണ്ട്. 2016 മുതൽ ഡി.എം.ഇ പദ്ധതി പ്രകാരം 8 യൂണിറ്റുകൾക്കും അഷ്ടമുടി പദ്ധതി പ്രകാരം 2 യൂണിറ്റുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകി നടപ്പാക്കിയതും പൂർത്തിയാക്കിയതും ഇപ്പോൾ

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | റോഡിന്റെ പേര് | തുക | നിലവിലെഅവസ്ഥ |
|---|---|---|---|
| 1 | ഇരവിപുരം - ഫിലിപ്പ് മുക്ക് - വാളത്തുംഗൽ എച്ച്.എസ്.എസ് റോഡ് | 18.80 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | മയ്യനാട് പഞ്ചായത്തിലെ സുനാമി പുനരധിവാസ മേഖല യിലെ ധവളക്കുഴി മൂർത്തിക്കാവ് റോഡ് | 7.30 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | മയ്യനാട് പഞ്ചായത്തിലെ സുനാമി പുനരധിവാസ മേഖലയിലെ താന്നിമുക്ക് സാഗര തീരം റോഡ് | 13.5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | സുനാമി പുനരധിവാസ മേഖലയിലെ ആക്കോലിൽ അനുഗ്രഹ തീരദേശ റോഡ് | 20.4 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5 | മയ്യനാട് - മുക്കം ബോട്ട് ജെട്ടി റോഡ് | 189.5 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 6 | ഇരവിപുരം നിയോജക മണ്ഡലത്തിലെ ഇരവിപുരം പാലം മുതൽ മുക്കംപൊഴി വരെയുള്ള റോഡ് | 490.00 ലക്ഷം | ഇരവിപുരം പാലം മുതൽ താന്നി പാലം വരെയുള്ള റോഡ് PWD ചെയ്യുതിനാൽ താന്നി പാലം മുതൽ ലക്ഷ്മിപുരം തോപ്പ വരെയുള്ള പ്രവൃത്തിക്ക് കരാറിലേർപ്പെട്ട് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 7 | ഇരവിപുരം നിയോജക മണ്ഡലത്തിലെ ലക്ഷ്മിപുരം തോപ്പിലെ ഗ്രോയിനുകളുടെ റിപ്ലനിഷ്മെന്റ് പ്രവൃത്തി | 325 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 8 | കൊണ്ടേത്ത് പാലം മുതൽ ഇരവിപുരം പാലം വരെയുള്ള റോഡ് | 215.00 ലക്ഷം | പുനർ - ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 9 | ലക്ഷ്മിപുരം തോപ്പ് മുതൽ മുക്കംപൊഴി വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ | 177.5 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 10 | മയ്യനാട് പഞ്ചായത്തിലെ നല്ലവിള - കുളങ്ങര - മുക്കം ജമഅത്ത് തീരദേശ റോഡ് | 13.8 ലക്ഷം | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 11 | കയ്യാലയ്ക്കൽ ഡിവിഷനിലെ ശക്തി പേപ്പർ കമ്പനി നിവ്യ ജംഗ്ഷൻ, ത്രിവേണി ജംഗ്ഷൻ ചിറവയൽ ചേന്ദ്രർ ജംഗ്ഷൻ റോഡ് | 66 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 12 | മയ്യനാട് പഞ്ചായത്തിലെ എൽ.എം.എസ് കുട്ടിക്കട - റേഷൻ കട മുക്ക് തീരദേശ റോഡ് | 16.3 ലക്ഷം | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 13 | മയ്യനാട് പഞ്ചായത്തിലെ ചന്തമുക്ക് മുതൽ ധവളക്കുഴി വരെയുള്ള റോഡ് | 124.9 ലക്ഷം | പുന:ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 14 | കാഷ്യം ക്ലബ് മുതൽ ഊറാംപള്ളിൽ കേശവൻ നഗർ വരെയുള്ള തീരദേശ റോഡ് | 21.9 ലക്ഷം | പുന:ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇരവിപുരം മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| നം | റോഡിന്റെ പേര് | തുക | നിലവിലെഅവസ്ഥ |
|---|---|---|---|
| 1 | സുനാമി പുനരധിവാസ മേഖലയിലെ ആക്കോലിൽ അനുഗ്രഹ തീരദേശ റോഡ് | 20.4 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2 | മയ്യനാട് - മുക്കം ബോട്ട് ജെട്ടി റോഡ് | 189.5 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 3 | ഇരവിപുരം നിയോജക മണ്ഡലത്തിലെ ഇരവിപുരം പാലം മുതൽ മുക്കംപൊഴി വരെയുള്ള റോഡ് | 490.00 ലക്ഷം | ഇരവിപുരം പാലം മുതൽ താന്നി പാലം വരെയുള്ള റോഡ് PWD ചെയ്യതിനാൽ താന്നി പാലം മുതൽ ലക്ഷ്മിപുരം തോപ്പ വരെയുള്ള പ്രവൃത്തിക്ക് കരാറിലേർപ്പെട്ട് സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 4 | ഇരവിപുരം നിയോജക മണ്ഡലത്തിലെ ലക്ഷ്മിപുരം തോപ്പിലെ ഗ്രോയിനുകളുടെ റിപ്ലനിഷ്മെന്റ് പ്രവൃത്തി | 325 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 5 | കൊണ്ടേത്ത് പാലം മുതൽ ഇരവിപുരം പാലം വരെയുള്ള റോഡ് | 215.00 ലക്ഷം | പുന:ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 6 | ലക്ഷ്മിപുരം തോപ്പ് മുതൽ മുക്കംപൊഴി വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ | 177.5 ലക്ഷം | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 7 | മയ്യനാട് പഞ്ചായത്തിലെ നല്ലവിള - കളങ്ങര - മുക്കം ജമഅത്ത് തീരദേശ റോഡ് | 13.8 ലക്ഷം | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 8 | കയ്യാലയ്ക്കൽ ഡിവിഷനിലെ ശക്തി പേപ്പർ കമ്പനി നിവ്യ ജംഗ്ഷൻ, ത്രിവേണി ജംഗ്ഷൻ ചിറവയൽ ചേത്രർ ജംഗ്ഷൻ റോഡ് | 66 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 9 | മയ്യനാട് പഞ്ചായത്തിലെ എൽ.എം.എസ് കുട്ടിക്കട - റേഷൻ കട മുക്ക് തീരദേശ റോഡ് | 16.3 ലക്ഷം | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 10 | മയ്യനാട് പഞ്ചായത്തിലെ ചന്തമുക്ക് മുതൽ ധവളക്കുഴി വരെയുള്ള റോഡ് | 124.9 ലക്ഷം | പുന:ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 11 | കാഷ്യം ക്ലബ് മുതൽ ഊറാംപള്ളിൽ കേശവൻ നഗർ വരെയുള്ള തീരദേശ റോഡ് | 21.9 ലക്ഷം | പുന:ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

(1) 2017-18 സാമ്പത്തിക വർഷത്തിൽ മയ്യനാട് മത്സ്യ മാർക്കറ്റ് നിർമ്മാണത്തിനായി 159 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

(2) 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശ സ്കൂളുകളിൽ കായിക ഉപകരണ വിതരണവും ഗ്രൗണ്ട് നവീകരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജി.എച്ച്.എസ്, വെള്ള മണൽ, മയ്യനാടിന് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കിഫ്ബി പദ്ധതികൾ**

(1) ഷോർ പ്രൊട്ടക്ഷൻ വർക്ക് ഫ്രം കൊല്ലം ബീച്ച് റ്റു താന്നി എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 3508 ലക്ഷം രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ടി പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകി പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ഇതിനു പുറമെ ജി.യു.പി.എസ് കാക്കോട്ടുമൂല പുനരുദ്ധരിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ ഇരവിപുരം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മൂന്നാംകുറ്റി മത്സ്യ മാർക്കറ്റ് കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**